**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1030** | **10-06-2021 - ൽ മറുപടിയ്ക്ക്**

**ചരിത്ര സ്മാരകങ്ങളുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | Shri Ahammad Devarkovil<br>(തുറമുഖവും മ്യൂസിയവും പുരാവസ്തുസംരക്ഷണവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട നിയമപ്രകാരം കൂടുതൽ ചരിത്ര സ്മാരകങ്ങളെ കണ്ടെത്തുന്നതിനും അവയെ സംരക്ഷിത സ്മാരകങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി സംരക്ഷിക്കുന്നതിനുമായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | ദേശീയ പ്രാധാന്യം ഇല്ലാത്തതും നൂറു വർഷത്തിലേറെ പഴക്കം ഉള്ളതും ചരിത്രപരമായും, കലാപരമായും പുരാവസ്തു പരമായും പ്രാധാന്യം ഉള്ളതുമായ സ്മാരകങ്ങളെയാണ് 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട നിയമപ്രകാരം സംരക്ഷിത സ്മാരകങ്ങൾ (പ്രാചീന സ്മാരകങ്ങൾ ) ആയി സംസ്ഥാന സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുന്നത്. ഇത്തരത്തിൽ പുരാവസ്തു വകുപ്പിന്റെ കിഴിൽ 185 പ്രാചീന സ്മാരകങ്ങൾ നിലവിൽ ഉണ്ട്. പുരാവസ്തു വകുപ്പിലെ ഉദ്യോഗസ്ഥരുടെ പരിശോധനയിൽ കണ്ടെത്തുന്നതോ, വ്യക്തികൾ / സ്ഥാപനം / സംഘടന എന്നിവ യിൽ നിന്നും ലഭിക്കുന്ന നിവേദനങ്ങളിൽ നടത്തുന്ന പരിശോധനയിലൂടെ ശ്രദ്ധയിൽ പ്പെടുന്നതോ ആയ സംരക്ഷണയോഗ്യമായ സ്മാരകങ്ങൾ പ്രാചീന സ്മാരകങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് സമഗ്രമായ ഫീൽഡ് പരിശോധന നടത്തി ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ് . |
| (ബി) | പൈതൃക മ്യൂസിയങ്ങളുടെ സജ്ജീകരണം നിലവിൽ ഏതെല്ലാം ജില്ലകളിലാണ് പുരോഗമിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | മലപ്പുറം, തിരുവനന്തപുരം, പത്തനംതിട്ട, വയനാട് എന്നീ ജില്ലകളിലാണ് പൈതൃക മ്യൂസിയങ്ങളുടെ സജ്ജീകരണത്തിനു മുന്നോടിയായിട്ടുള്ള പ്രവർത്തനങ്ങൾ നിലവിൽ പുരോഗമിക്കുന്നത്. |
| (സി) | പുരാവസ്തുവകുപ്പിന്റെ കീഴിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന ഉദ്ഖനന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ? | (സി) | ഉത്ഖനന പ്രവർത്തങ്ങൾ കൂട്ടം ചേർന്നുള്ള ഫീൽഡ് ജോലികൾ ആയതിനാൽ കോവിഡ് മഹാമാരിയുടെ വെളിച്ചത്തിൽ നിലവിൽ പുരാവസ്തു വകുപ്പിന്റെ കീഴിൽ ഉത്ഖനന പ്രവർത്തനങ്ങൾ നടക്കുന്നില്ല. 2020-21 ഫീൽഡ് വർഷം ആലപ്പുഴ ജില്ലയിലെ പുറക്കാട്, പത്തനംതിട്ട ജില്ലയിലെ ആറന്മുള എന്നിവിടങ്ങളിൽ ഉത്ഖനന പ്രവർത്തനത്തിന് |

| | | | |
|---|---|---|---|
| | | | കേന്ദ്ര പുരാവസ്തു വകുപ്പിന്റെ അനുമതി ലഭിച്ചെങ്കിലും കോവിഡ് സാഹചര്യം കാരണം ഉത്ഖനന പ്രവർത്തനങ്ങൾ നടക്കുകയുണ്ടായില്ല. മേൽ പ്രവർത്തനങ്ങൾക്ക് വീണ്ടും ലൈസൻസ് അനുവദിക്കുന്നതിന് കേന്ദ്ര പുരാവസ്തു വകുപ്പിന് അപേക്ഷ നൽകിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ